# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2184** **06.10.2016 ൽ മറുപടിക്ക്**

### അർഹരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം

**ചോദ്യം**

ശ്രീ.എം.ഉമ്മർ

**ഉത്തരം**

പ്രൊഫ.സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അർഹരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും APL/BPL വ്യത്യാസമില്ലാതെ സൗജന്യമായി യൂണിഫോം നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | ബി) | ഇതിനുവേണ്ടിയുള്ള ഭരണാനുമതി 22.09.2016 ലെ സ.ഉ.(കൈ)/160/16 പൊ.വി.വ.പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ആവശ്യത്തിലേക്കായി 71,71,71,600/- രൂപയും വകയിരുത്തിയിട്ടുണ്ട്. |
| സി) | സർക്കാർ സ്കൂളുകളിൽ ഇതിനോടകം തന്നെ യൂണിഫോം വിതരണം പൂർത്തിയായിട്ടുണ്ടോ; | സി) | എസ്.എസ്.എ. മുഖേനയുള്ള യൂണിഫോം വിതരണം ( ഗവ: സ്കൂൾ) പൂർത്തിയായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേനെയുള്ള യൂണിഫോം വിതരണം (Aided School/APL കുട്ടികൾ) പൂർത്തിയായിട്ടില്ല. എന്നാൽ യൂണിഫോമിനായി അനുവദിച്ചിട്ടുള്ള തുക വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| ഡി) | ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ